**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **04-10-2021 - ൽ മറുപടിയ്ക്ക്**

**കുമ്മണ്ണൂർ ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22/1/2020 ൽ നൽകിയ ഹെൽത്ത് –എഫ്.ഡബ്ല്യൂ1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22/01/2020 ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യൂ1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ 30/09/2021 തീയതിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കും എന്നറിയിക്കാമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | (ബി) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22/01/2020 ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യൂ1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ 30/09/2021 തീയതിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ബഹു.ആരോഗ്യവകുപ്പ് മന്ത്രിയ്ക്ക് മുമ്പാകെ മീനച്ചിൽ താലൂക്കിൽ, കിടങ്ങൂർ പഞ്ചായത്തിൽ കുമ്മണ്ണൂർ നിവാസികൾ സമർപ്പിച്ച നിവേദനത്തിന് മേൽ കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്

കോട്ടയം ജില്ലയിൽ കിടങ്ങൂർ പഞ്ചായത്തിന് കീഴിലുള്ള സി.എച്ച്.സി പ്രവർത്തിക്കുന്നത് കൂടല്ലൂർ എന്ന പ്രദേശത്താണ്. ടി സി.എച്ച്.സിയുടെ സബ്സെന്റർ കുമ്മണ്ണൂരിലും പ്രവർത്തിക്കുന്നുണ്ട്. സബ്സെന്ററിൽ പ്രതിദിനവും ജെ.പി.എച്ച്.എൻ-ന്റെ സേവനം ലഭ്യമാണ്. ആയത് കൂടാതെ പ്രതിരോധ കുത്തിവയ്പ്പുകൾ, ഗർഭിണികളുടെ പരിശോധന, എൻ.സി.ഡി ക്ലിനിക്കുകൾ മാസങ്ങളിൽ പലപല ദിവസങ്ങളിലായി ഉപകാരപ്രദമായ രീതിയിൽ നടന്നു വരുന്നു. നിവേദനത്തിൽ പരാമർശിക്കുന്ന പല പ്രദേശങ്ങളും മാതൃസ്ഥാപനമായ സി.എച്ച്.സിയിൽ നിന്നും 4 കിലോമീറ്റർ ചുറ്റളവിലാണ് സ്ഥിതി ചെയ്യുന്നത്. ആയത് കൂടാതെ ടി പ്രദേശത്തിന് 4 കിലോമീറ്റർ അകലെ എഫ്.എച്ച്.സി മുത്തോലിയും 5 കിലോമീറ്റർ അകലെ എഫ്.എച്ച്.സി കടപ്ലാമറ്റവും 8 കിലോമീറ്റർ അകലെ എഫ്.എച്ച്.സി അയർക്കുന്നവും സ്ഥിതി ചെയ്യുന്നു. ഗുരുതര രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജനറൽ ആശുപത്രി പാലായിൽ 6 കിലോമീറ്റർ ദൂരത്തായി സ്ഥിതി ചെയ്യുന്നു.

നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ കുമ്മണ്ണൂർ പ്രദേശത്ത് ഡിസ്പെൻസറി തുടങ്ങുന്നതിലേയ്ക്ക് പുതിയ കെട്ടിടവും അധിക ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ തസ്തിക സൃഷ്ടിക്കേണ്ടതായി വരും. മേൽപറഞ്ഞ കാരണങ്ങളാൽ സബ്സെന്ററുകളിൽ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന കീഴ്‌വഴക്കം നിലവിലില്ല. അധിക തസ്തിക സൃഷ്ടിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നുള്ളത് വസ്തുതയാണ്. കുമ്മണ്ണൂരിൽ ഡിസ്പെൻസറി തുടങ്ങുന്നതിന് മേൽ വസ്തുതയും കണക്കിലെടുക്കാവുന്നതാണ്.

30/09/2021

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
കോട്ടയം